(ബി&സി) കത്ത് നമ്പർ RIC(1)16113/13/GW തീയതി 11-11-2015 പ്രകാരം പി.എസ്.സി. 339 പേർക്ക് എസ്.ഐ. തസ്തികയിലേക്ക് നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഒഴിവുകളിൽ 84 എണ്ണം മാത്രമേ പോലീസ് വകുപ്പിൽ നിലവിലുള്ളൂ. ബാക്കിയുള്ള 255 എണ്ണം വിവിധ കോടതി ഉത്തരവുകൾ പ്രകാരം റിപ്പോർട്ട് ചെയ്ത അധിക ഒഴിവുകളാണ് (Excess Vacancy). അധിക ഒഴിവുകളിൽ നിയമനം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**സൈബർ കുറ്റകൃത്യങ്ങൾ**

263 (240) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിനു കീഴിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇത്തരത്തിൽ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ലഭിച്ചതും കണ്ടെത്തിയതുമായ കേസ്സുകൾ എത്രയെണ്ണമെന്നും ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടിയെന്നും എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്താനുണ്ട് എന്നും വ്യക്തമാക്കുക;

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര ഓൺലൈൻ പെൺവാണിഭക്കേസുകൾ രജിസ്റ്റർ ചെയ്തു; ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി നിയമത്തിൻ കീഴിലെത്തിച്ചു; വിശദാംശം വ്യക്തമാക്കുക;

(സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര ഹോംസ്റ്റേ പെൺവാണിഭകുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുകയുണ്ടായി; എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി നിയമത്തിനു മുന്നിൽ എത്തിച്ചു; വിശദാംശം വ്യക്തമാക്കുക;

(ഡി) സംസ്ഥാനത്തു ഓൺലൈൻ/ഹോം സ്റ്റേ പെൺവാണിഭം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിനു കീഴിലും, സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ വിഭാഗങ്ങളിൽ നിന്നും പ്രതികളായി കണ്ടെത്തിയവർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി സംസ്ഥാന സൈബർ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷൻ, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ, എല്ലാ പോലീസ് ജില്ലകളിലുമുള്ള സൈബർ സെല്ലുകൾ എന്നിവ മുഖാന്തരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്കിടയിൽ വിവിധ മേഖലകളിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി ആവശ്യമായ ബോധവൽക്കരണം നടത്തിവരുന്നു. ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 പ്രകാരം എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളിലും കേസുകൾ രജിസ്റ്റർ ചെയ്ത് സൈബർ സെൽ, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ എന്നിവയുടെ സഹായത്തോടെ അന്വേഷണം നടത്തിവരുന്നു. അതീവ ഗുരുതര സ്വഭാവമുള്ള കേസുകൾ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച ആകെ കേസുകൾ-1663, പ്രതികളെ പിടികൂടിയ കേസുകൾ-846, പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള കേസുകൾ-636. 181 കേസുകളിൽ പ്രതികളെ തിരിച്ചറിയുവാനുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് 4 ഓൺലൈൻ പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസ്സിൽ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും 3 കേസുകൾ അന്വേഷണാവസ്ഥയിലുമാണ്.

(സി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഓൺലൈൻ/ഹോംസ്റ്റേ പെൺവാണിഭം വർദ്ധിച്ചുവരുന്നില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ പെൺവാണിഭ കേസ്സിൽ കെ.എസ്.ആർ.ടി.സി. യിൽ ജോലി ചെയ്തുവരുന്ന ഒരാൾ പ്രതിയാണ്. ടിയാനെ അറസ്റ്റു ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്.

## കൊലപാതക കേസ്സുകളിലെ പ്രതികൾ

264 (241) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ ശ്രീ. ഹനീഫ്, മധു, ഈച്ചരത്, ലാൽജി എന്നിവർ കൊല ചെയ്യപ്പെട്ടതിലെ പ്രതികൾ ആരൊക്കെയാണ്; ഇവരുടെ രാഷ്ട്രീയബന്ധം വ്യക്തമാക്കാമോ; കൊല ചെയ്യപ്പെട്ട മൂന്നു പേരുടെ വീടുകളിൽ മരണത്തിനു ശേഷം എത്ര മന്ത്രിമാർ സന്ദർശിച്ചു; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly